പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. : 790 — 28/09/2011 - ൽ മറുപടിയ്ക്ക്

## നടപ്പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.സി.കെ.സദാശിവൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ആറ്.കടമ്പ തോടിനു കുറുകെ സി.എം.എസ്.എൽ.പി.എസും ആയി ബന്ധിപ്പിക്കുന്ന നടപ്പാലം, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ വലിയതോടിനു കുറുകെ വടക്കൻ കോയിക്കൽ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്ന നടപ്പാലം എന്നിവയുടെ നിർമ്മാണ-വുമായി ബന്ധപ്പെട്ട നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ? | കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ആറ്.കടമ്പ തോടിനു കുറുകെ സി.എം.എസ്. എൽ.പി.എസുമായി ബന്ധിപ്പിക്കുന്ന ഡ്രെയിനേജ് കൾവെർട്ടിന്റെ പണി അറേഞ്ചുചെയ്തു കഴിഞ്ഞു. കോൺട്രാക്ടർക്ക് സ്ഥലം കൈമാറിയിട്ടുണ്ട്. എന്നാൽ കാലാവസ്ഥ അനുകൂലമല്ലാതിരുന്നതിനാൽ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പണി ഉടൻതന്നെ ആരംഭിക്കുന്നതാണ്.<br><br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ വലിയതോടിനു കുറുകെ വടക്കൻ കോയിക്കൽ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്ന കൾവെർട്ടിന്റെ പണി അറേഞ്ച് ചെയ്തുകഴിഞ്ഞു. സ്ഥലം കോൺട്രാക്ടർക്ക് കൈമാറുകയും മെറ്റീരിയൽസ് ശേഖരിക്കുന്ന നടപടി ആരംഭിക്കുകയും ചെയ്തു. പണിസ്ഥലത്തുണ്ടായിരുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. ഉടൻതന്നെ പണി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ.